**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2827** **10-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എത്ര കുടുംബങ്ങൾക്ക് ഭവന പദ്ധതി പ്രകാരം വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് 15,402 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന വീട് അനുവദിച്ചിട്ടുണ്ട്.**<br><br>**കൂടാതെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 299 പേർക്കും വീട് അനുവദിച്ചിട്ടുണ്ട്.** |
| (ബി) | ഈയിനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | ലൈഫ് മിഷൻ മുഖേനയുള്ള ഭവനനിർമ്മാണത്തിനായി 2021-22 സാമ്പത്തികവർഷം മുതൽ നാളിതുവരെ 333 കോടി രൂപ ലൈഫ് മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയുള്ള ഭവനനിർമ്മാണത്തിനായി 48 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ